**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1623** **03-02-2026 - ൽ മറുപടിയ്ക്ക്**

**പുല്ലൂരാംപാറ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് പുല്ലൂരാംപാറയിലെ ഉരുൾപൊട്ടലിനെ തുടർന്ന് പുനരധിവസിപ്പിക്കേണ്ട ആറു കുടുംബങ്ങൾക്കുള്ള വീടും സ്ഥലവും ലഭ്യമാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന് കാലതാമസം വന്നതിന്റെ കാരണം വിശദമാക്കുമോ; | (എ) | 2018 ലെ പ്രളയത്തെത്തുടർന്നാണ് വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനു സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള വിഹിതവും ചേർത്ത് ആകെ പത്തു ലക്ഷം രൂപ അനുവദിച്ചു വരുന്നത്. എന്നാൽ 2012-ൽ ഉണ്ടായ നാശനഷ്ടങ്ങൾക്ക് ഇതേ മാനദണ്ഡം അനുസരിച്ച് ധനസഹായം അനുവദിക്കാൻ കഴിയില്ല. ഈ സാഹചര്യത്തിൽ സംസ്ഥാന ദുരന്ത ലഘൂകരണ നിധി (State Disaster Mitigation Fund – SDMF) ഉപയോഗിച്ച് ധനസഹായം അനുവദിക്കുന്നതിൽ വ്യക്തത വരുത്തുന്നതിന് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കത്ത് നൽകിയിട്ടുണ്ട്. |
| (ബി) | എസ്.ഡി.ആർ.എഫ്. നൽകുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര നിർദ്ദേശം ലഭിക്കുന്നതിനായി അയച്ച കത്തിന് അടിയന്തര ഇടപെടൽ നടത്തുമോ എന്ന് വ്യക്തമാക്കുമോ; | (ബി) | കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ നിന്നും സ്പഷ്ടീകരണം ലഭിക്കുന്ന മുറക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ഈ സർക്കാരിന്റെ കാലത്ത് തന്നെ ഇവർക്ക് ആനുകൂല്യം നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ നിന്നും സ്പഷ്ടീകരണം ലഭിക്കുന്ന മുറക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ